## പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3541 — 11.12.2018 ൽ മറുപടിയ്ക്ക്

# പ്രളയബാധിത മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.കെ.രാജൻ | എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) |
| (എ) സംസ്ഥാനത്തെ മഹാപ്രളയത്തിന് ശേഷം ജനജീവിതം സാധാരണഗതിയിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വ്യക്തമാക്കുമോ; | (എ) പ്രളയംമൂലം വെള്ളം കയറിയ വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവ ശുദ്ധീകരിക്കുന്നതിന് പഞ്ചായത്ത് വകുപ്പും നഗരസഭകളും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രളയ ബാധിത ജില്ലകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേൽനോട്ടത്തിൽ കോർകമ്മിറ്റികൾ രൂപീകരിച്ചു. വാർഡ് അടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ കുടുംബശ്രീ പ്രവർത്തകർ, എൻ.എസ്.എസ്. വോളൻറീയർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, യൂത്ത് ക്ലബ് അംഗങ്ങൾ ആശാപ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, കാർഷികകർമ്മ സേനാ സന്നദ്ധ പ്രവർത്തകർ, സ്റ്റുഡൻറ്സ് പോലീസ് കേഡറ്റുകൾ, അംഗനവാടി വർക്കർ/ഹെൽപ്പർമാർ കൂടാതെ ശുചീകരണത്തിന് സന്നദ്ധത അറിയിച്ചവർ എന്നിവരെ ഉൾപ്പെടുത്തി 5 പേർ അടങ്ങുന്ന ശുചീകരണ സ്ക്വാഡുകൾ രൂപീകരിക്കുകയും, തൊഴിലുറപ്പ്, കാർഷിക കർമ്മസേനാ സംവിധാനങ്ങളിൽ നിന്ന് ഉപകരണങ്ങൾ ലഭ്യമാക്കി കെട്ടിടങ്ങൾ, കിണറുകൾ എന്നിവയുടെ ശുചീകരണ പ്രവർത്തനങ്ങൾ മാതൃകാപരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.<br><br>മഹാപ്രളയത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ടും ഇത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ കണക്കിലെടുത്തുമാണ് നവ കേരള സൃഷ്ടിക്കായി 2019-20 വാർഷിക പദ്ധതി തയ്യാറാക്കേണ്ടത് എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പ്രളയത്തെ തുടർന്ന് വെള്ളം കയറിയ വീടുകളിൽ വാസയോഗ്യമായ എല്ലാ വീടുകളും പ്രളയാനന്തരം നഗരസഭകളുടെയും, സന്നദ്ധ |

പ്രവർത്തകരുടെയും ഇതര സർക്കാർ വകുപ്പുകളുടെയും നേതൃത്വത്തിൽ വൃത്തിയാക്കുകയും പരിസരങ്ങളിൽ അണുനശീകരണം നടത്തുകയും ചെയ്തു. പ്രളയത്തിൽ മലിനമാക്കപ്പെട്ട എല്ലാ കിണറുകളും ശുദ്ധീകരിക്കുകയും കുടിവെള്ള ലഭ്യത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

പ്രളയം രൂക്ഷമായി ബാധിച്ച അലപ്പുഴ, എറണാകുളം, കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ, വയനാട്, ജില്ലകളിലെ 41 നഗരസഭകളിൽ പ്രളയം ബാധിച്ച വീടുകൾ നഗരസഭകളുടെയും, സന്നദ്ധസംഘടനകളുടെയും മറ്റ് സർക്കാർ വകുപ്പുകളുടെയും നേതൃത്വത്തിൽ ശുചീകരിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സംവിധാനങ്ങൾക്കും സംഭവിച്ച നഷ്ടത്തിന്റെ കണക്കെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ കനത്ത കാലവർഷക്കെടുതികളുടെ പശ്ചാത്തലത്തിൽ നാശനഷ്ടം സംഭവിച്ച ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടങ്ങൾ, പൂർണ്ണമായോ ഭാഗികമായോ നശിച്ച ഓഫീസ് രേഖകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിവര ശേഖരണം നടത്തുന്നതിനും പുന:സ്ഥാപിക്കാൻ ആവശ്യമായ ചെലവ് കണക്കാക്കുന്നതിനുമായി പരിശോധനാ ടീമുകളെ നിശ്ചയിക്കുകയും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തു തലത്തിലെ നഷ്ടം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

പ്രളയത്തിൽ നഗരസഭകൾക്ക് ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് കണക്കാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കോർപ്പറേഷനുകൾ**

| | |
|---|---|
| സ്കൂളുകൾ | ₹ 68,00,000 |
| അംഗൻവാടികൾ | ₹ 2,24,00,000 |
| പ്രൈമറി ഹെൽത്ത് സെന്ററുകൾ | ₹18,00,000 |
| മുനിസിപ്പാലിറ്റി ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങൾ | ₹ 44,00,000 |
| റോഡുകൾ | ₹ 11,96,18,700 |

**മുനിസിപ്പാലിറ്റികൾ**

| | |
|---|---|
| സ്കൂളുകൾ | ₹ 3,02,00,000 |
| അംഗൻവാടികൾ | ₹ 8,36,00,000 |
| പ്രൈമറി ഹെൽത്ത് സെന്ററുകൾ | ₹ 94,00,000 |
| മുനിസിപ്പൽ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങൾ | ₹ 3,32,00,000 |
| റോഡുകൾ | ₹ 29,60,84,280 |

| | | | |
|---|---|---|---|
| (സി) | ദുരിതാശ്വാസ ക്യാമ്പുകളുടെ ചുമതല ഭംഗിയായി നിർവ്വഹിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വിശദമാക്കുമോ; | (സി) | ദുരിതാശ്വാസ ക്യാമ്പുകളിൽ അരി ഉൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങൾ, വസ്ത്രം, കിടക്കകൾ, മരുന്ന് തുടങ്ങിയ എല്ലാ സാധനങ്ങളും ഗ്രാമപഞ്ചായത്ത് തലത്തിൽ ശേഖരിച്ച് എത്തിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കളക്ഷൻ സെൻറർ ആരംഭിക്കുകയും പ്രസ്തുത കളക്ഷൻ സെൻററിൽ നിന്നും 67 ലോഡ് ഭക്ഷ്യസാധനങ്ങൾ പ്രളയ ബാധിത ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചിട്ടുണ്ട്.<br>ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞിരുന്നവർക്ക് ആവശ്യമായ ഭക്ഷണം, കുടിവെള്ളം, വസ്ത്രങ്ങൾ, വൈദ്യസഹായം, മറ്റത്യാവശ്യ വസ്തുക്കൾ എന്നിവ നഗരസഭകളുടേയും സന്നദ്ധ സംഘടനകളുടേയും നേതൃത്വത്തിൽ നല്കി. ക്യാമ്പുകളിൽ ആവശ്യമായ വൈദ്യുതി ലഭ്യമാക്കി ദൈനംദിന ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ടോയ് ലറ്റ് സൗകര്യങ്ങൾ ഇല്ലാതിരുന്ന ക്യാമ്പുകളിൽ ബയോ ടോയ് ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തി. നഗരസഭാ ഉദ്യോഗസ്ഥരുടെ സേവനം 24 മണിക്കൂറും ക്യാമ്പുകളിൽ ഉറപ്പാക്കിയിരുന്നു. |
| (ഡി) | പ്രളയശേഷം പ്രസ്തുത പ്രദേശങ്ങൾ അണുവിമുക്തമാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നോ; വ്യക്തമാക്കുമോ? | (ഡി) | പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളുടെ തുടർച്ചയായി സെപ്തംബർ 22 മുതൽ ഒക്ടോബർ 2 വരെ തീയതികളിൽ പ്രളയ ബാധിത ജില്ലകളിലെ നദികൾ, തോടുകൾ, പൊതുസ്ഥലങ്ങൾ, ജലാശയങ്ങൾ, എന്നിവയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ കാര്യക്ഷമമായി നടത്തിയിട്ടുണ്ട്. എലിപ്പനി, ഡെങ്കിപ്പനി, തുടങ്ങിയ പകർച്ച വ്യാധികളുടെ മരുന്നുകൾ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ എല്ലാ മേഖലയിൽ എത്തിക്കുന്നതിനും, പകർച്ച വ്യാധികൾ സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. പ്രളയ ബാധിത പ്രദേശങ്ങളിൽ കേരള, തമിഴ് നാട് ആരോഗ്യ വകുപ്പുകളുടെ സംയുക്ത സർവ്വേയിൽ പകർച്ചവ്യാധികൾ പടരാൻ സാധ്യതയുള്ളതായി കണ്ടെത്തിയ സ്ഥലങ്ങളിൽ ഉറവിട നശീകരണം, കീടനാശിനിപ്രയോഗം, ഫോഗിംഗ് എന്നീ പ്രവർത്തനങ്ങൾ നടത്തി രോഗാണുവാഹകരായ ജീവികൾ പെരുകുന്നില്ലായെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ അംഗീകാരമുള്ള സ്ഥലങ്ങളിൽ നിന്ന് മാത്രം കുടിവെള്ളം ശേഖരിക്കുന്നു എന്ന് ഉറപ്പുവരുത്തി കുടിവെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ച് ക്ലോറിൻ |

| | |
|---|---|
| | അളവ് ഒ.റ്റി. കിറ്റ് ഉപയോഗിച്ച് പരിശോധിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ മുഖേന ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.<br>പ്രളയ ശേഷം ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചിരുന്ന സ്ഥലങ്ങളും പരിസരപ്രദേശങ്ങളും നഗരസഭാ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ ബ്ലീച്ചിംഗ് പൗഡർ, കുമ്മായം തുടങ്ങിയ അണുനാശിനികൾ ഉപയോഗിച്ച് അണുനശീകരണം നടത്തിയിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിലും, പരിസരപ്രദേശങ്ങളിലും അതുപോലെ പ്രളയജലം ഇറങ്ങിയ പ്രദേശങ്ങളിലും വളരെ കാര്യക്ഷമമായി അണുനശീകരണ പ്രവർത്തനങ്ങൾ നഗരസഭകളുടെ നേതൃത്വത്തിൽ അടിയന്തിര പ്രാധാന്യത്തോടെ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ